പോലീസ് മന്ത്രിയോട് ഞാൻ പറയുന്നത് വിജയന്റെ കൊലപാതകികളെ അറസ്റ്റ് ചെയ്യണമെന്നാണ്. ഒരു കൊലപാതകത്തിന്റെ കേസിൽ പ്രതികളായി നിൽക്കുന്ന ആളുകൾ തന്നെ മറ്റൊരു കൊലപാതകം കൂടി നടത്തുകയെന്നു പറഞ്ഞാൽ ഈ രാജ്യത്ത് എന്താണ് സംഭവിച്ചത് എന്നു എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. വിജയന്റെ കൊലയാളികളെ ഇന്നു തന്നെ അറസ്റ്റ് ചെയ്യാനുള്ള ഉത്തരവ്. കൊടുക്കണമെന്നാണ് ഞാൻ മന്ത്രിയോട് ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ഒക്ടോബർ മാസം 19-ാം തീയതി ഒരു മണിയോടു കൂടിയാണ് വിജയനെന്ന മാർക്സിസ്റ്റ് പ്രവർത്തകനെ വിൽഫ്രഡ്, ഹാരിസൺ, സോളമൻ, എന്നിവർ ചേർന്ന് ആക്രമിച്ച് മാരകമായി പരിക്കേൽപ്പിച്ചത്. ആശുപത്രിയിലേക്ക്. കൊണ്ടുപോകുന്ന വഴിക്കു വിജയൻ മരിക്കുകയുണ്ടായി. ഇവരുടെ പേരിൽ 302 അനുസരിച്ച് കേസെടുത്തിട്ടുണ്ട്. കേസിന്റെ അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. സീനിയർ ഓഫീസറെ അവിടെ അതിനായി പ്രത്യേകം നിയോഗിച്ചിട്ടുണ്ട്. പോലീസ് പെട്രോളും നടത്തുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതു പോലെ ജൂലൈ മാസത്തിൽ കോൺഗ്രസ് പ്രവർത്തകരെ സി.പി.ഐ പ്രവർത്തകർ ആക്രമിച്ച ഒരു കേസുണ്ട്. അതിനുശേഷം സി.പി.ഐ പ്രവർത്തകരെ കോൺഗ്രസുകാർ ആക്രമിച്ച ഒരു കേസും നിലവിലുണ്ട്. പക്ഷെ ഈ കൊലപാതകത്തെ സംബന്ധിച്ച് യാതൊരു വിധത്തിലുള്ള അലസതയും കൂടാതെ പ്രതികളെ ആരാണെന്നത് നോക്കാതെതന്നെ കുറ്റക്കാരെ കണ്ടെത്തി ശിക്ഷിക്കുന്നതിനുവേണ്ട എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. അതിൽ ആശങ്ക ഉണ്ടാകേണ്ട കാര്യമില്ല.

(5) ശ്രീ. എം. വി. രാഘവനുനേരെ നടന്ന ആക്രമണം

ശ്രീ. എം.വി. രാഘവൻ : സർ, പാപ്പിനിശ്ശേരിയിൽ ചാരിറ്റബിൾ ട്രസ്റ്റിന്റെ നേതൃത്വത്തിൽ ഞങ്ങൾ ഒരു ഹോസ്പിറ്റൽ നടത്തുന്നുണ്ട്. പാപ്പിനിശ്ശേരി വിഷ ചികിൽസാകേന്ദ്രം. 22 വർഷമായി ഇതു തുടങ്ങിയിട്ട്. ഈ വിഷ ചികിൽസാകേന്ദ്രത്തിൽ ആദ്യം ആയുർവേദവും പിന്നീട് അലോപ്പതിയും ഇപ്പോൾ രണ്ടും കമ്പൈൻഡായുള്ള ട്രീറ്റ്മെന്റുണ്ട്. ഇവിടെ ആയിരക്കണക്കിന് രോഗികളെ രക്ഷിച്ചിട്ടുണ്ട്. ഈ സ്ഥാപനം ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെ ഐ.സി.എം.ആർ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടായി എടുക്കുകയും ആയുർവേദത്തെപ്പറ്റി ഒരു റിസർച്ച് നടത്തുകയുമാണ്. ഞാൻ രണ്ടു ദിവസം മുമ്പു ഇതു സംബന്ധിച്ച് ഡോക്ടർമാരുമായി ചർച്ച ചെയ്യാൻ അവിടെ പോയപ്പോൾ മുന്നൂറിലധികം ആളുകൾ കുറച്ച് റൗഡികളുടെ നേതൃത്വത്തിൽ ആശുപത്രി ആക്രമിക്കാൻ ശ്രമിച്ചു. എന്നെ ആക്രമിക്കാനും ശ്രമിച്ചു. അതിനെ ചെറുക്കാൻ ശ്രമിച്ച ഞങ്ങളുടെ രണ്ടു മൂന്നു സഖാക്കളെ ആക്രമിച്ച് ആശുപത്രിയിലാക്കിയിരിക്കുകയാണ്. സഖാവ് ബേബി, ദിവാകരൻ, ഞങ്ങളുടെ പാർട്ടിയുടെ സെക്രട്ടേറിയറ്റ് മെമ്പർ ഐ.വി. ശിവരാമൻ, അവിടെ ആയുർവേദ മരുന്നുണ്ടാക്കുന്ന ഒരു ജീവനക്കാരനായ കുഞ്ഞിരാമൻ എന്നിവരെ ആക്രമിച്ചു. ഈ ആക്രമണം നടത്തിയവർ തെമ്മാടികളും ഗുണ്ടകളുമാണെന്നാണ് ആദ്യം ഞാൻ ധരിച്ചത്. പിന്നീട് അന്വേഷണത്തിൽ മനസ്സിലായത് എന്റെ പഴയ പാർട്ടിയുടെ പിൻതുണയോടുകൂടിയാണ് ഈ ആക്രമണം നടന്നതെന്നാണ്. പോലീസിനെ വിളിച്ചെങ്കിലും പോലീസ് എത്തിയത് 2 മണിക്കൂർ കഴിഞ്ഞിട്ടാണ്. നിയമസമാധാനം പാലിക്കുന്നതിൽ പോലീസ് പരാജയപ്പെട്ടെന്നാണ് എനിക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഇതിനെപ്പറ്റി പറയാനുള്ളത്. ഈ രാജ്യത്ത് രാഷ്ട്രീയ അഭിപ്രായ ഭിന്നതയുടെ പേരിൽ പാർട്ടികൾ ഭിന്നിക്കുന്നത് സ്വാഭാവികമാണ്. 64-ൽ ഞങ്ങൾ ഭിന്നിച്ചു. അന്നു എം.കെ.ജിയെപ്പോലുള്ളവരും ഭിന്നിപ്പിൽ ഭാഗഭാക്കുകളായിരുന്നു. അന്നു എം.പി.സ്ഥാനവും എം.എൽ.എ സ്ഥാനവുമൊന്നും ആരും രാജി വച്ചില്ല. എന്നോട് രാജി വയ്ക്കാൻ പറഞ്ഞിട്ടുമല്ല വന്നത്. ആശുപത്രി ആക്രമിച്ചിട്ട് പറയുന്നത് ഞാൻ രോഗികളോട് അപമര്യാദയായി പെരുമാറിയെന്നാണ്. ഞാൻ ഒരു രോഗിയോടും അപമര്യാദയായി പെരുമാറിയിട്ടില്ല. എന്നെ എത്ര രാഷ്ട്രീയമായി എതിർത്താലും എന്തു കുറ്റം പറഞ്ഞാലും 22 വർഷമായി സാമൂഹ്യ രംഗത്ത് ഞാൻ ചെയ്ത ഒരു നല്ല കാര്യം ആ ആശുപത്രി നടത്തിയെന്നുള്ളതാണ്. ഈ രാജ്യത്ത് കോൺഗ്രസ് ഐക്കാരായാലും ശരി ആരായാലും പറയും. എന്നിട്ട് ഞാൻ രോഗികളോട് അപമര്യാദയായി പെരുമാറിയെന്നുപറയുന്നു. 2 ആഴ്ച മുമ്പ് ഞാൻ സി.പി.എം പ്രവർത്തകരോട് ചോദിച്ചതു ശരിയാണ്. അവിടെ അഴിമതി നടക്കുന്നെന്നു നിങ്ങൾ പറയുന്നു; പത്രത്തിൽ എഴുതിച്ചു അവിടെ ആയിരക്കണക്കിന് ആളുകളെ ഫ്രീയായിട്ടാണ് ട്രീറ്റ് ചെയ്യുന്നത്. എന്തു അഴിമതിയാണ് അവിടെ നടക്കുന്നത്? അവിടെ രോഗികളെ കൊണ്ടു വരണമെന്നു സി.പി.എം സർക്കുലർ അയച്ചോയെന്നു ചോദിച്ചു. ഏതു രോഗിയോട് അപമര്യാദയായി പെരുമാറിയെന്നു ഒരു പ്രവർത്തകനോട് ചോദിച്ചതിനിടയ്ക്ക് ഗുണ്ടകളെ സംഘടിപ്പിച്ചു ആക്രമിച്ചു. വ്യാപകമായ ഗുണ്ടായിസം നടക്കുകയാണ്. കോട്ടയത്തു ഞങ്ങളുടെ പാർട്ടി ജില്ലാ സെക്രട്ടറി സ. അരവിന്ദാക്ഷനെ ആക്രമിച്ചു വധിക്കാൻ ശ്രമിച്ചു. കുമരകത്തു വച്ച് ഞങ്ങളുടെ സ്റ്റുഡൻസ് ഫെഡറേഷന്റെ 4 പ്രവർത്തകരെ ബസ് തടഞ്ഞു നിർത്തി ആക്രമിച്ചു. ബസിലെ ഡ്രൈവറും കണ്ടക്ടറും യാത്രക്കാരും ഇറങ്ങിയോടിയപ്പോൾ ചുറ്റിക കൊണ്ട് അടിച്ചു. എന്റെ മുമ്പിൽ വച്ചു പാപ്പിനിശ്ശേരിയിലും ചുറ്റിക കൊണ്ടാണ് ദിവാകരനെ അടിച്ചത്. ഏതാണ്ട് റിപ്പർ മാതൃകയിലുള്ള ആക്രമണമാണ് നടക്കുന്നത്. ഗുണ്ടായിസമാണ് നടക്കുന്നത്. രാഷ്ട്രീയത്തിന്റെ പേരിൽ ഗുണ്ടായിസമാണ് സി.പി.എം. നേതൃത്വം നടത്തുന്നത്. എന്റെ പഴയ നേതാവ് ശ്രീ. നായനാരോട് ഞാൻ ചോദിക്കുന്നു നിങ്ങൾക്ക് ലജ്ജയില്ലേ രാഷ്ട്രീയത്തിന്റെ പേരിൽ ഇതു നടത്താൻ? നിങ്ങളാണോ ഇതു നടത്തുന്നതെന്നു ഞാൻ നിങ്ങളോട് ചോദിക്കുകയാണ്. (ബഹളം) ഞാൻ ഒരു കാര്യം വ്യക്തമായിട്ട് പറയാം. ആരേയും ഭീഷണിപ്പെടുത്തി തോൽപ്പിക്കാൻ നോക്കണ്ട. എന്നെ വധിക്കുമെന്നു പറഞ്ഞു എനിക്കു പല കത്തുകളും കിട്ടിയിട്ടുണ്ട്. ആരും ഭീഷണിപ്പെടുത്താൻ നോക്കണ്ടാ. കനത്ത തിരിച്ചടി ആരായാലും കിട്ടുമെന്നു വളരെ വ്യക്തമായിട്ട് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. തിരുവനന്തപുരത്ത്, തമ്പാനൂർ റെയിൽവേ സ്റ്റേഷനടുത്തു അയ്യപ്പൻ എന്നയൊരാളിന്റെ മുട്ടുകട അടിച്ചു തകർത്തു. അദ്ദേഹത്തിന് മൂവായിരം ഉറുപ്പികയുടെ നഷ്ടം വന്നിട്ടുണ്ട്. അതുപോലെ ഞങ്ങളുടെ ബദൽ രേഖ വിറ്റതിന് തമ്പാനൂർ റെയിൽവേ സ്റ്റേഷനടുത്തു ഒരു കട തല്ലിപ്പൊളിച്ചു പണമടക്കം മോഷ്ടിച്ചു കൊണ്ടുപോയി. കൊള്ളസംഘങ്ങളെപ്പോലെയാണ് ഗുണ്ടകളെ പെരുമാറിയത്. ഇത് നിങ്ങളുടെ പാർട്ടിയുടെ നേതൃത്വമാണോ ചെയ്യിക്കുന്നതെന്ന് ഞാൻ ചോദിക്കുകയാണ്. കുറുപ്പ് എഴുന്നേൽക്കുന്നല്ലോ ഞാൻ ചോദിക്കുന്നത് നിങ്ങളുടെ പാർട്ടി നേതൃത്വമാണോ ഇത് ചെയ്യിക്കുന്നതെന്നാണ്. ആണെങ്കിൽ, ഈ പാർട്ടിയെക്കുറിച്ച് ഞാൻ ലജ്ജിക്കുന്നു. എന്റെ ആ പഴയ പാർട്ടിയെ പറ്റി അത്രയേ ഞാൻ പറയുന്നുള്ളൂ. ഗുണ്ടായിസവും തെമ്മാടിത്തവും ആരു നടത്തിയാലും അത് നിർത്തണം. നിയമപരമായ സംരക്ഷണം ഇവിടെ എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും അനുവദനീയമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ആ സംരക്ഷണം കിട്ടണം. അതാണ് ഗവൺമെൻറിനോട് പറയാനുള്ളത്. ഇവിടെ ഭരണഘടനയനുസരിച്ച് യോഗം ചേരാനും പ്രസംഗിക്കാനും സംഘടന ഉണ്ടാക്കി പ്രവർത്തിക്കാനും ബൂർഷ്വാ പാർട്ടികൾക്കുവരെ മൗലികമായ അവകാശമുണ്ട്. ആ മൗലികാവകാശം ഒരു തൊഴിലാളി വർഗ്ഗ പാർട്ടിയെന്നു പറയുന്ന നിങ്ങൾ നിഷേധിക്കുമ്പോൾ ലജ്ജയില്ലേ നിങ്ങൾക്കെന്നാണ് എനിക്ക് എൻെറ പഴയ പാർട്ടിയിലെ ആളുകളോട് ചോദിക്കാനുള്ളത്. ഈ രാജ്യത്ത് ഇത്തരം ഏർപ്പാടുകൾ തടയണം. അതിനുവേണ്ടി നടപടികളെടുത്തില്ലെങ്കിൽ പൗരാവകാശത്തിനുവേണ്ടി കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി ഈ രാജ്യത്ത് ഒരു പ്രസ്ഥാനം തന്നെ ആരംഭിക്കുമെന്നാണ് ഗവൺമെൻറിനോട് പറയാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ഒക്ടോബർ 18-ാം തീയതി കാഞ്ഞത് പത്താ മണിയോടുകൂടി ശ്രീ. രാഘവനും അദ്ദേഹത്തിൻെറ പാർട്ടി സ്റ്റേറ്റ് സെക്രട്ടേറിയറ്റ് മെമ്പറുമായ ശിവരാമനും ആശുപത്രിയിൽ എത്തിയപ്പോൾ ഏതാനും മാർക്സിസ്റ്റ് പ്രവർത്തകർ ആ ആശുപത്രിയിൽ ചെന്നു അവരെ തടയുകയുണ്ടായി. സത്യപാലൻ എന്നുപറയുന്ന മാടായി ലോക്കൽ കമ്മിറ്റി സെക്രട്ടറി മാപ്പു പറയണമെന്നാവശ്യപ്പെട്ടുകൊണ്ട് അവിടെ ബഹളം തുടങ്ങിയപ്പോൾ ശ്രീ. രാഘവനാണെന്നു തോന്നുന്നു കൺട്രോൾ റൂമിൽ വിവരം അറിയിച്ചു. ഉടനെ കൺട്രോൾ റൂമിൽനിന്നു പോലീസ് പാർട്ടിയെത്തി. തളിപ്പറമ്പ് സ്റ്റേഷൻ വിസിറ്റ് ചെയ്യാൻ പോയ എസ്. പി. അവിടെയുണ്ടായിരുന്നു. എസ്. പി. യെ കോൺടാക്റ്റ് ചെയ്തു. എസ്. പി. അവിടെ ആവശ്യമായ നടപടികൾ സ്വീകരിക്കാമെന്നു പറഞ്ഞു. സംഭവത്തിൻെറ പിന്നിൽ, മാപ്പുചോദിക്കണമെന്നു പറഞ്ഞ കാര്യത്തെക്കുറിച്ചു അന്വേഷിച്ചപ്പോൾ, ബഹുമാനപ്പെട്ട മെമ്പർ തന്നെ സൂചിപ്പിച്ചതുപോലെ വിഷചികിൽസാകേന്ദ്രത്തിൽ ആരും പോകരുതെന്നു പറഞ്ഞ് മാർക്സിസ്റ്റ് പാർട്ടിയുടെ ഒരു സർക്കുലറുണ്ടെന്നാണ് റിപ്പോർട്ട്. ..... (ബഹളം) ..... ഏതായാലും ചോദ്യം ചെയ്തത് പാർട്ടിയുടെ കാര്യമാണോ അതല്ല മറ്റു കാര്യമാണോ എന്ന് അറിയില്ല. ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം മി. നായനാരായാലും ശരി. മി. രാഘവനായാലും ശരി ഈ ഗവൺമെൻറിന് എല്ലാവർക്കും തുല്യമായ സംരക്ഷണം കൊടുക്കാൻ ബാദ്ധ്യതയുണ്ട്. ആ ബാദ്ധ്യത ഗവൺമെൻറ് ഏറെറടുക്കുകതന്നെ ചെയ്യും. അക്കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ഇതിനോടനുബന്ധിച്ച് 23 ആളുകളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ബാക്കി ആളുകളേയും അറസ്റ്റ് ചെയ്യും. ശക്തിയായ, കർശനമായ നടപടികൾ എടുക്കും. ഇത്തരം അക്രമങ്ങൾ ഒരുകാലത്തും മേലാൽ അനുവദിക്കുകയില്ലെന്നു വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

VI മേശപ്പുറത്തു വച്ച കടലാസുകൾ

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, താഴെ പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

1. 1986 ജൂൺ 26-ാം തീയതിയിലെ ജി.ഒ. (എം.എസ്) നമ്പർ 138/86 ഹോം (എസ്.ആർ.ഒ. നമ്പർ 1001/86).
2. 1986 ജൂലൈ 3-ാം തീയതിയിലെ ജി.ഒ. (എം.എസ്) നമ്പർ 217/86/ജി.എ.ഡി. (എസ്.ആർ.ഒ. നമ്പർ 1216/86).

LIBRARY ARCHIVES Kerala Legislative Assembly